<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണമേഖല ശക്തിപ്പെടുത്താൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖല ശക്തിപ്പെടുത്താൻ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായ അവസ്ഥ യിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി-2024 നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചു.<br>2. സഹകരണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>3. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് നടപ്പിലാക്കി.<br>4. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനായി സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തി സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതിവരുത്തുന്നതിന് നടപടി സ്വീകരിച്ചു.<br>5. കേരളത്തിലെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയെ ത്രിതലത്തിൽ നിന്നും ദ്വിതലത്തിലേക്ക് മാറ്റി കേരളാ ബാങ്ക് രൂപീകരിക്കുകയുണ്ടായി.<br>6. കേരള ബാങ്കിൽ ഏകീകൃത കോർ ബാങ്കിംഗ് സംവിധാനവും, മൊബൈൽ ബാങ്കിംഗ് |

ആപ്ലിക്കേഷനും നിലവിലുണ്ട്. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷന്റെ പരിഷ്കരിച്ച പതിപ്പ് ഉടൻ കേരളാ ബാങ്ക് പുറത്തിറക്കുന്നതാണ്.

7. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങളിലെ നിക്ഷേപകർക്ക് നൽകുന്ന ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാണ്.
8. സഹകരണ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമായി സഹകണ എക്സ്പോ എല്ലാ വർഷവും നടത്തിവരുന്നു.
9. സഹകരണ ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു.
10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു.
11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറു സംരംഭകർ എന്നിവർക്ക് വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചു.
12. ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.
13. സഹകരണ ഉൽപ്പന്നങ്ങൾക്ക് coopkerala എന്ന ഏകീകൃത ബ്രാൻഡും നടപ്പിലാക്കിയിട്ടുണ്ട്.
14. സഹകരണസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് ശക്തമായ വിപണി ശൃംഖല കെട്ടിപ്പടുത്തി.
15. കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്നപേരിൽ കലാകാരൻമാരുടെ സഹകരണസംഘം 15.02.2022-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 16. പട്ടിക ജാതി സംഘങ്ങളെ സ്വയം പര്യാപ്ത നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാക്കി മാറ്റുന്നതിനായി പുനർജനി പദ്ധതി ആവിഷ്കരിച്ചു.<br>17. 14 ജില്ലകളിലും പട്ടിക ജാതി/പട്ടിക വർഗ്ഗ യുവജന സംഘങ്ങൾ ആരംഭിച്ചു.<br>18. വ്യക്തികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചു.<br>19. തൊഴിൽ അന്വേഷകർക്കും നൈപുണ്യ വികസനത്തിൽ പരിശീലനം ആവശ്യമുള്ള വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.<br>20. സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും എത്തിക്കുന്നതിന്റെ ഭാഗമായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>21. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവും ആക്കുന്നതിന്റെ ഭാഗമായി ഒരു ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്.<br>22. സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി വ്യവസായ പാർക്കുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതാണ്.<br>23. വ്യവസായ വകുപ്പുമായി സഹകരിച്ച് വനിതാ സംഘങ്ങളെ ഉല്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>24. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതികൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>25. വൻതോതിൽ തോഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുസൃതമായ സംരംഭക വായ്പകൾ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു |
| (ബി) | സഹകരണ മേഖല ഇപ്പോൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ സഹകരണ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ താഴെ കൊടുത്തിരിക്കുന്നു.<br>1. സമീപ കാലങ്ങളിലായി ചില സഹകരണ ബാങ്കുകളിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളും തിരിമറികളും മാധ്യമങ്ങളിൽ സഹകരണ മേഖലയുടെ ആകെ വിശ്വാസ്യത ചോദ്യം |

ചെയ്യപ്പെടുന്ന രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതുമൂലം ധാരാളം നിക്ഷേപങ്ങൾ കൂട്ടത്തോടെ പിൻവലിക്കാൻ ഇടപാടുകാർ മുന്നോട്ട് വന്നതും പ്രസ്തുത നിക്ഷേപങ്ങൾ തിരികെ നൽകാൻ കഴിയാതെ വരികയും ഗുരുതരമായ liquidity crisis നിലനിൽക്കുന്നതും ഈ മേഖലയിലെ ഒരു വെല്ലുവിളിയാണ്.

2. നിക്ഷേപത്തിൽ ഉണ്ടാകുന്ന കുറവ് സഹകരണ സംഘങ്ങൾക്ക് സാമൂഹ്യ പ്രതിബദ്ധതയുള്ളതും ജനക്ഷേമ പരവുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമായി തീരുന്നു.
3. കുതിച്ചുയരുന്ന വായ്പാ കുടിശ്ശികയ്ക്ക് ഭീമമായ തുക കരുതൽ വയ്ക്കേണ്ടി വന്നതുമൂലം സംഘങ്ങൾ വലിയ തോതിൽ നഷ്ടത്തിലാകുകയും ആയത് അംഗങ്ങൾക്ക് ഡിവിഡന്റ് ഉൾപ്പെടെ നൽകാൻ കഴിയാത്ത പ്രതിസന്ധി സൃഷ്ടിച്ചു.
4. ഭീമമായ നഷ്ടത്തിലും നെഗറ്റീവ് നെറ്റ് വർത്തിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള തടസ്സവും പുതിയ സംരംഭങ്ങൾ ഏറ്റെടുത്തു പ്രവർത്തിക്കാൻ കഴിയാതെ വന്നതും പ്രതിസന്ധി സൃഷ്ടിച്ചു.
5. ഉയർന്ന നിരക്കിലുള്ള നിക്ഷേപ പലിശ നിരക്കും, വായ്പകളുടെ പലിശ നിരക്കും തമ്മിലുള്ള മാർജിനിൽ ഉണ്ടായിട്ടുള്ള കുറവ് ലാഭക്ഷമതയെ സാരമായി ബാധിച്ചു.
6. കോവിഡ് 19, വെള്ളപ്പൊക്കം എന്നിവയ്ക്ക് ശേഷം മേഖലയിലെ സഹകരണ സംഘങ്ങളിലെ വായ്പാ തിരിച്ചടവിൽ ഉണ്ടായ ഗണ്യമായ കുറവ് കുടിശ്ശിക ഉയരുന്നതിന് കാരണമായിട്ടുണ്ട്.
7. സഹകരണ സ്ഥാപനങ്ങളിലെ ഫണ്ടിന്റെ ദുരുപയോഗം ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.
8. വായ്പ തിരിച്ചടവിലുണ്ടാകുന്ന ഭീമമായ കുടിശ്ശികമൂലമുള്ള ഫണ്ട് ശോഷണം.
9. ഡിജിറ്റൽ സേവനങ്ങളുടെ അഭാവം മൂലം പുതുതലമുറയെ ആകർഷിക്കുവാൻ കഴിയുന്നില്ല.
10. കോമൺ സോഫ്റ്റ് വെയറിന്റെ അഭാവം.
11. മൾട്ടി സ്റ്റേറ്റ് സംഘങ്ങളുടെ കടന്നു വരവ്.
12. സ്വകാര്യ മേഖലയിൽ നിന്നുള്ള കടുത്ത മൽസരം

| | | | |
|---|---|---|---|
| | | | 13. വൻതോതിൽ മൾട്ടി സ്റ്റേറ്റ് സംഘങ്ങളുടെ വരവ് സംസ്ഥാനത്ത് ഒരു സമാന്തര സഹകരണ സംവിധാനം സൃഷ്ടിക്കുന്നു. ആയത് സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നു.<br>14. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ബാങ്കിംഗ് നിയമം, ആദായ നികുതി നിയമം എന്നിവയിൽ വരുത്തുന്ന ഭേദഗതികൾ സഹകരണ മേഖലയുടെ പ്രവർത്തനത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്.<br>15. വിവിധ ഏജൻസികളുടെ അന്വേഷണം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത സഹകരണ സൊസൈറ്റികളുടെയും അവയിൽ അംഗത്വം എടുത്ത മെമ്പർമാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് ആകെ 16393 സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി സംഘങ്ങളിൽ ആകെ 41832321 പേർ അംഗത്വമെടുത്തിട്ടുണ്ട്. |
| (ഡി) | കാർഷികവായ്പ സഹകരണ ബാങ്കുകൾ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന വിശദമാക്കാമോ ; | (ഡി) | സഹകരണ ബാങ്കുകൾ കാർഷിക വായ്പ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | സഹകരണ സൊസൈറ്റികൾ കടക്കെണിയിൽ അകപ്പെടുന്നത് തടയാൻ സർക്കാർ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | കടക്കെണിയിൽ അകപ്പെടുന്നത് തടയാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.<br>1. ക്രമക്കേടുകൾ തടഞ്ഞ് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അതുവഴി സംഘങ്ങളെ കടക്കെണിയിലാവുന്നത് ഒഴിവാക്കുന്നതിനുമായി സഹകരണ വിജിലൻസ് ശക്തിപ്പെടുത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും ടീം ആഡിറ്റ് നടപ്പിലാക്കി.<br>3. സംഘങ്ങൾ നൽകിയ വായ്പകൾ തിരിച്ചുപിടിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. കൃത്യമായ ഈടുകളുടെ അടിസ്ഥാനത്തിൽ മാത്രം വായ്പകൾ അനുവദിക്കുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പയ്ക്ക് ജാമ്യമായി അനുവദിക്കുന്ന വസ്തുവിന്റെ വിലനിർണ്ണയത്തിന് സുതാര്യമായ |

| | | | | |
|---|---|---|---|---|
| | | | | സംവിധാനം പുതിയ നിയമ ഭേദഗതിയിലൂടെ ഏർപ്പെടുത്തിയിട്ടുണ്ട്.<br>5. സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ വർഷവും നിക്ഷേപ സമാഹരണ യജ്ഞം നടത്തിവരുന്നു.<br>6. പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി "നവകേരളീയം കുടിശ്ശിക നിവാരണം– ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ വർഷങ്ങളായി കിട്ടാക്കടമായി മാറിയ വായ്പകൾ ഒരു പരിധിവരെ തിരിച്ചുപിടിക്കുന്നതിന് സംഘത്തിന് കഴിഞ്ഞിട്ടുണ്ട്.<br>7. സ്വർണ്ണപ്പണയ വായ്പകളിൽ, ഈട് സ്വർണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനും അതുവഴി ക്രമക്കേടുകൾ തടയുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br>8. സംഘങ്ങളിലെ ക്രമക്കേടുകൾ നടയുന്നതിന് ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കർശമായ വ്യവസ്ഥകൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുവഴി സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിനും സംഘങ്ങൾ കടക്കെണിയിലാകുന്നത് ഒരു പരിധി വരെ തടയുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ